# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2781 10.07.2015-ൽ മറുപടിക്ക്

## അധികാര വികേന്ദ്രീകരണം

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ നേട്ടങ്ങൾ താഴെ ത്തട്ടിൽ എത്തിക്കുന്നതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് നിസ്തുലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ നാല് വർഷത്തെ ഗ്രാമസഭകളുടെ പ്രവർത്ത നത്തെ സംബന്ധിച്ച് വിലയിരു ത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം എത്രത്തോളം തൃപ്തികരമാണ്; | (ബി) | ഗ്രാമസഭകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകമായി വിലയി രുത്തൽ നടത്തിയിട്ടില്ല. വികേന്ദ്രീകൃതാ സൂത്രണം സംബന്ധിച്ച കോ-ഓർഡി നേഷൻ കമ്മിറ്റി പദ്ധതി പ്രവർത്തന ങ്ങളുടെ അവലോകനം എല്ലാ ആഴ്ചയിലും നടത്താറുണ്ട്. ജില്ലാ ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കുന്ന പ്രതിമാസയോഗങ്ങളിലും മൊത്തത്തി ലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്താറുണ്ട്. |

| | | | |
|---|---|---|---|
| (സി) | അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്ന വിധം ഗ്രാമസഭകളെ സജ്ജമാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ പ്രതിഫലനം ഗ്രാമസഭകളുടെ പ്രവർത്തനത്തിൽ ദൃശ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്ക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ഗ്രാമസഭ അംഗങ്ങളുടെ കൂടിച്ചേരലിനും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ചർച്ചകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും സേവാഗ്രാം എന്ന പേരിൽ ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമസഭ/വാർഡ്സഭ അംഗങ്ങൾക്കും കിലയുടെ നേതൃത്വത്തിൽ പരിശീലന പരിപാടിയും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**